## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1287 | | | 02.05.2017-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **മാലിന്യസംസ്കരണം** | | | |
| **ചോദ്യം** | | | **ഉത്തരം** |
| ശ്രീ.എൽദോ എബ്രഹാം | | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | തലസ്ഥാന നഗരം ഉൾപ്പെടെ സംസ്ഥാനത്തെ പല ഭാഗങ്ങളിലും മാലിന്യസംസ്കരണം യഥാസമയം നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഉറവിടമാലിന്യസംസ്കരണം ഉൾപ്പെടെ ആവശ്യമായ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? ആയതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | ഉണ്ട്.<br>നിലവിൽ ഉറവിട മാലിന്യ സംസ്കരണം ഉൾപ്പെടെ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതാത് പ്രദേശങ്ങളിലെ മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളുടെ ഉത്തരവാദിത്തമാണ്. 2016 -17 സാമ്പത്തിക വർഷം മുതൽ പദ്ധതി വിഹിതത്തിന്റെ 10% തുക മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി വകയിരുത്തണമെന്ന് സർക്കാർ ഉത്തരവ് നിലവിലുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതികളുടെ ഭാഗമായി ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു. ശുചിത്വ മിഷന്റെ പിന്തുണയോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെപറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.<br>1. ഉറവിട മാലിന്യ സംസ്ക്കരണം. വീടുകളിലും, സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലത്തിലും.<br>2. നിലവിലുള്ള പൊതുപ്ലാന്റുകളുടെ അറ്റകുറ്റപണികളും അപ്ഗ്രഡേഷനും.<br>3. മെറ്റീരിയൽ റിക്കവറി ഫസിലിറ്റി.<br>4. സ്ളോട്ടർ ഹൗസ്, ക്രിമറ്റോറിയം.<br>5. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ.<br>6. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം, വൃത്തിയും വെടിപ്പുമുള്ള പൊതു ടോയ്‌ലറ്റ്.<br>7. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ.<br>8. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.<br>9. വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.<br>10. ശേഷീവികസന പരിപാടികൾ. |

സെക്ഷൻ ഓഫീസർ